"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - തുക റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1102/2024/TAXES തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:-

1. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.09.2024 ലെ SHA/592/2024-MGR(FIN) നമ്പർ കത്ത്
2. 30.10.2024-ലെ TAXES-H1/287/2024-TAXES നമ്പർ കത്ത്
3. ധനകാര്യ വകുപ്പിന്റെ 16.11.2024 ലെ സ.ഉ(സാധാ)നം.8491/ 2024/ധന നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ചികിത്സയ്ക്ക് പദ്ധതിയിൽ പട്ടിക ചേർത്തിട്ടുള്ള ആശുപത്രികൾ മുഖേന ചികിത്സയിനത്തിൽ വിനിയോഗിച്ച തുക അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ, കെ.ബി.എഫ്. പദ്ധതി പ്രകാരം ചികിത്സ നല്കിയ വകയിൽ സർക്കാർ ആശുപത്രികളുടെ 2022 ഡിസംബർ മാസം വരെയുള്ള കുടിശ്ശിക അനുവദിക്കുന്നതിന് 29.1 കോടി രൂപ 2075-00-103-95 NET PROCEEDS OF LOTTERIES TRANSFERRED TO KARUNYA BENEVOLENT FUND (Non plan VOTED) എന്ന ശീർഷകത്തിൽ അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2) ടി തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ചുവടെപ്പറയുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി നല്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| Name of the Bank | ICICI Bank, Vazhuthakkad branch |
| Account Name | State Health Agency - Karunya Benevolent Fund |
| Account Number | 195305500057 |
| IFSC | ICIC0001953 |

3) ടി തുകയുടെ വിനിയോഗം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം, പരാമർശം (2) ൽ നിർദ്ദേശിച്ച വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ

സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ. തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
7. ധനകാര്യ വകുപ്പ് (18.11.2024 ലെ 1814221 EXP-B1/295/2021-FIN-Part(1) പ്രകാരം)
8. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
9. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/120/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 11-12-2024 14:49:46
സെക്ഷൻ ഓഫീസർ